# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 144** **30-11-2015-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് പദ്ധതി

| | ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വൃക്ക മാറ്റിവയ്ക്കൽ ശസ്ത്ര ക്രിയയ്ക്ക് വിധേയരായ നിർധനരായ രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ, ശസ്ത്രക്രിയ നടത്തി മാസങ്ങൾ പിന്നിട്ടിട്ടും സഹായം അനുവദിക്കാത്തതുമൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഭ്യമായ അപേക്ഷകളിന്മേൽ ചികിത്സാ ധനസഹായമനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ശ്രീ.പി.യു.ഷാജു, പുറക്കുളം (H), പോട്ട എന്ന രോഗിയുടെയും (15-ാം നമ്പർ കമ്മിറ്റി, 22 -ാം നമ്പർ അജണ്ട), എം.എസ്.നിഷാദ്, മനക്കുളങ്ങരപ്പറമ്പിൽ വീട്, ചാലക്കുടി എന്ന രോഗിയുടെയും (ജൂലായ് 2015) അപേക്ഷകളിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും പരമാവധി ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ധനസഹായം ഉടൻ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രീ.പി.യു. ഷാജുവിന്റെ അപേക്ഷയിന്മേൽ അടിയന്തിരമായി ധനസഹായം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ശ്രീ.എം.എസ്.നിഷാദിന്റെ അപേക്ഷ തുടർനടപടികൾ എടുക്കാൻവേണ്ടി തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് 04.11.2015-ൽ അയച്ചുകൊടുത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ റിപ്പോർട്ട് അടുത്ത സംസ്ഥാനതല കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ക്ലെയിം അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.